സ്ഥാപിതം 1964

# സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

www.swathanthramandapam.com വാള്യം: 60 ലക്കം: 281 2026 ഫെബ്രുവരി 21 ശനി പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in



സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com


## സർക്കാർ ബ്രാൻഡി മലബാർ മിസ്റ്ററി എന്ന പേരിൽ മാറ്റം, അരലിറ്ററിന് വില 400 രൂപ

തൃശ്ശൂർ: മലബാർ ഡിസ്റ്റിലറീസ് പുറത്തിറക്കുന്ന ബ്രാൻഡിയുടെ പേര് 'മിന്നൽ മാജിക്' എന്നാക്കി ബെവ്കോ. നേരത്തെ നിശ്ചയിച്ചിരുന്ന മലബാർ മിസ്റ്ററി എന്ന പേര് മാറ്റി. പാലക്കാട് നടക്കുന്ന നിർമ്മാണോദ്ഘാടന ചടങ്ങിൽ എക്സൈസ് മന്ത്രി എം ബി രാജേഷ് പേര് പ്രഖ്യാപിക്കും. പാലക്കാട് മേനോൻ പാറയിലാണ് ബ്രാൻഡിയുടെ ഉത്പാദനം നടത്തുന്നത്. ഒരു മാസത്തിനകം മിന്നൽ മാജിക് ബെവ്കോ ഔട്ട്ലെറ്റുകളിലെത്തും. 13,500 കെയ്സ് മദ്യമായിരിക്കും ദിനം പ്രതി ഉണ്ടാക്കുക. അരലിറ്റർ കുപ്പിയിലാണ് ഉത്പാദനം. അരലിറ്റർ മിന്നൽ മാജിക്കിന് 400 രൂപയെന്ന് സൂചന. നിലവിൽ സർക്കാർ ഉൽപാദിപ്പിക്കുന്നത് ജവാൻ റം മാത്രമാണ്.

# ഭീകരാക്രമണ ഭീഷണി: ചെങ്കോട്ടയും ക്ഷേത്രങ്ങളും ലക്ഷ്യംവെച്ച് ലഷ്കറെ തൊയ്ബ



ന്യൂഡൽഹി: ചെങ്കോട്ടയിലും ഇന്ത്യയിലെ പ്രമുഖ ക്ഷേത്രങ്ങളിലുമായി സ്ഫോടനം നടത്താൻ പാകിസ്ഥാന്റെ ലഷ്കർ-ഇ-ത്വയിബ പദ്ധതിയിടുന്നതായി സുരക്ഷാ ഏജൻസികൾ. ഐഇഡി ആക്രമണമാണ് തീവ്രവാദികൾ ലക്ഷ്യം വയ്ക്കുന്നതെന്നാണ് വിവരം. ഇസ്ലാമാബാദിലെ പള്ളിയിൽ ഫെബ്രുവരി ആറിനുനടന്ന ചാവേർ ആക്രമണത്തിൽ 31 പേർ കൊല്ലപ്പെട്ടതിന് പ്രതികാരമെന്നോണമാണ് ഭീകരർ ആക്രമണത്തിന് പദ്ധതിയിടുന്നതെന്നാണ് സുരക്ഷാ ഏജൻസികൾ വ്യക്തമാക്കുന്നത്. പാകിസ്ഥാനിൽ നടന്ന ആക്രമണത്തിൽ തീവ്രവാദ സംഘടനയായ ഐസിസ് ഉത്തരവാദിത്തം ഏറ്റെടുത്തിരുന്നു.

കഴിഞ്ഞ നവംബർ 10ന് ചെങ്കോട്ടയിൽ കാർ പൊട്ടിത്തെറിച്ചുണ്ടായ ആക്രമണത്തിൽ 12 പേർ കൊല്ലപ്പെട്ടതിന് പിന്നാലെയാണ് പുതിയ ആക്രമണ പദ്ധതിയുടെ വിവരം പുറത്തുവരുന്നത്. ഫരീദാബാദിലെ അൽ ഫലാ സർവകലാശാലയിലെ ഡോക്ടറായ ഉമർ മുഹമ്മദായിരുന്നു കാർ ഓടിച്ചിരുന്നത്. കേസിൽ ഏഴുപേർ അറസ്റ്റിലാവുകയും ചെയ്തിരുന്നു. കേസിൽ അന്വേഷണം പൂർത്തിയാക്കാൻ എൻഐഎയ്ക്ക് ഡൽഹി കോടതി 45 ദിവസത്തെ അധിക സമയം അനുവദിച്ചത് കഴിഞ്ഞയാഴ്ചയാണ്.

ചെങ്കോട്ട സ്ഫോടനക്കേസിൽ അറസ്റ്റിലായ ഡോക്ടർമാരുടെ സംഘം ആഗോള കോഫി ശൃംഖലയുടെ ഔട്ട്ലെറ്റുകളും ലക്ഷ്യമിട്ടിരുന്നതായി റിപ്പോർട്ടുകൾ പുറത്തുവന്നിരുന്നു. ജൂത പൗരന്റെ ഉടമസ്ഥതയിലുള്ള കോഫി ഷോപ്പ് ശൃംഖലയാണ് ഇവർ ബോംബാക്രമണം നടത്താൻ ലക്ഷ്യമിട്ടിരുന്നത്. കഴിഞ്ഞ നാല് വർഷമായി ഈ 'വൈറ്റ് കോളർ ഭീകരസംഘം' സജീവമായി പ്രവർത്തിക്കുകയായിരുന്നുവെന്നും റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു. അൽ - ഖ്വയിദയുടെ ഇന്ത്യൻ ഘടകമായ അൻസാർ ഗസ്‌വത് -ഉൽ- ഹിന്ദിനെ പുനരുജ്ജീവിപ്പിക്കാനും സംഘം ലക്ഷ്യമിട്ടിരുന്നു. ഇതിലൂടെ രാജ്യത്ത് ഇസ്ലാമിക ഭരണം സ്ഥാപിക്കാനും പ്രതികളായ ഡോക്ടർമാർ ലക്ഷ്യമിട്ടിരുന്നെന്നും അന്വേഷണ ഉദ്യോഗസ്ഥർ വെളിപ്പെടുത്തിയിരുന്നു.

ഇന്ത്യയിലുടനീളം വലിയ തോതിലുള്ള ഭീകരാക്രമണങ്ങൾ നടത്താൻ ഇവർ ലക്ഷ്യമിടുന്നു. ഡൽഹിയിലെ ചെങ്കോട്ടയ്ക്ക് പുറമെ രാജ്യത്തെ മറ്റ് പ്രമുഖ ആരാധനാലയങ്ങളും ലഷ്കറെതൊയ്ബയുടെ നിരീക്ഷണത്തിലാണെന്നും റിപ്പോർട്ടുകൾ ചൂണ്ടിക്കാട്ടുന്നു. 2025 നവംബർ 10-ന് ചെങ്കോട്ടയ്ക്ക് സമീപമുണ്ടായ സ്ഫോടനത്തിൽ 12 പേർ കൊല്ലപ്പെട്ട സംഭവത്തിന്റെ പശ്ചാത്തലത്തിൽ കൂടിയാണ് ഈ മുന്നറിയിപ്പ്. ചെങ്കോട്ട മെട്രോ സ്റ്റേഷന്റെ ഗേറ്റ് നമ്പർ 1-ന് സമീപം സ്ഫോടകവസ്തുക്കൾ നിറച്ച കാർ പൊട്ടിത്തെറിക്കുകയായിരുന്നു.

### പാവയ്ക്ക കറിവച്ചത് ഇഷ്ടപ്പെട്ടില്ല, മകൻ അമ്മയെ കൊലപ്പെടുത്തി

മുംബയ്: പാവയ്ക്ക കറിവച്ചത് ഇഷ്ടപ്പെടാത്ത യുവാവ് അമ്മയെ കൊലപ്പെടുത്തി. മഹാരാഷ്ട്രയിലെ ചന്ദ്രപൂർ ജില്ലയിലാണ് അരുംകൊല നടന്നത്. സുമിത്ര പെത്കുലെ എന്ന 65കാരിയാണ് കൊല്ലപ്പെട്ടത്. സംഭവവുമായി ബന്ധപ്പെട്ട് ജഗദീഷ് പെത്കുലെ എന്ന 37കാരനെ പൊലീസ് അറസ്റ്റു ചെയ്തു.

സ്ഥിരം മദ്യപാനിയാണ് ജഗദീഷ്. ഇയാളുടെ ശല്യം സഹിക്കാനാവാതെ ഭാര്യ രണ്ടുമാസംമുമ്പ് അവരുടെ വീട്ടിലേക്ക് പോയിരുന്നു. തുടർന്ന് അമ്മയോടൊപ്പമായിരുന്നു ഇയാൾ താമസിച്ചിരുന്നത്. മദ്യപിച്ചെത്തുന്ന ജഗദീഷ് അമ്മയുമായി വഴക്കിടുന്നത് പതിവായിരുന്നു. കഴിഞ്ഞദിവസം ആഹാരത്തിനൊപ്പം സുമിത്ര പാവയ്ക്ക കൊണ്ടുണ്ടാക്കിയ വിഭവം വിളമ്പി. ഇതിൽ കലികയറിയ ജഗദീഷ് അമ്മയുമായി വാക്കുതർക്കത്തിലേർപ്പെട്ടു. അല്പം കഴിഞ്ഞതോടെ വാക്കുതർക്കം കയ്യേറ്റത്തിലേക്ക് നീങ്ങുകയും ജഗദീഷ് അമ്മയെ ക്രൂരമായി മർദ്ദിക്കുകയും ചെയ്തു. മർദനമേറ്റ സുമിത്ര തൽക്ഷണം മരിക്കുകയായിരുന്നു എന്നാണ് പൊലീസ് പറയുന്നത്.

# കോൺഗ്രസിന് ജനങ്ങൾ റീത്ത് വെക്കുമെന്ന് വീണാ ജോർജ്, വിരട്ടാൻ നോക്കണ്ടെന്ന് ശിവൻകുട്ടി



തിരു : യൂത്ത് കോൺഗ്രസ് പ്രവർത്തകരുടെ ഭാഗത്തുനിന്നും തന്റെ വീടിനുനേരെ ഉണ്ടായയത് പ്രതിപക്ഷ നേതാവ് വി.ഡി. സതീശന്റെ നേതൃത്വത്തിൽ നടന്ന ആക്രമണമെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്. തിരഞ്ഞെടുപ്പ് മുന്നിൽക്കണ്ടുള്ള കോൺഗ്രസിന്റെ ഹീനമായ ആക്രമണമാണ് ഇതെന്നും അവർ ആരോപിച്ചു. ചികിത്സാ പിഴവിൽ സർക്കാർ ഉത്തരവാദിത്തത്തോടെ നടപടി കൈക്കൊള്ളുമെന്നും ആരെയും സംരക്ഷിക്കാൻ ശ്രമിച്ചിട്ടില്ലെന്നും ആരോഗ്യമന്ത്രി പറഞ്ഞു.

'എന്താണ് ഞാൻ ചെയ്ത തെറ്റ്? വിഷയത്തിൽ ചെയ്യേണ്ടതെല്ലാം ചെയ്തു. ചികിത്സാ പിഴവിൽ കുറ്റക്കാർ ആരായാലും സർക്കാർ ഉത്തരവാദിത്തത്തോടെ നടപടി കൈക്കൊള്ളും. ആരെയും സംരക്ഷിക്കാൻ ശ്രമിച്ചിട്ടില്ല. പിഴവില്ലാത്ത നടപടിയാണ് ആവശ്യം. കുറ്റക്കാർക്കെതിരെ മുഖം നോക്കാതെ നടപടിയെടുക്കും.' ആരോഗ്യമന്ത്രി പറഞ്ഞു.

'പൊതുജനാരോഗ്യ രംഗം തകർച്ചയിലാണ് എന്ന് വരുത്തിത്തീർക്കാനുള്ള ശ്രമമാണ് ഇത്. ആരോഗ്യമേഖലയിലെ കുത്തകകളെ സഹായിക്കുന്ന നിലപാടാണ് വി.ഡി. സതീശന്റേത്. വിനാശകാലേ വിപരീത ബുദ്ധി, എന്നേ ഈ പ്രവർത്തിയെ പറയാനുള്ളൂ. കോൺഗ്രസിനും യൂത്ത് കോൺഗ്രസിനും കേരളത്തിലെ ജനങ്ങൾ റീത്ത് വെക്കും. യുഡിഎഫ് സർക്കാർ തകർത്ത ആരോഗ്യമേഖലയിൽ ഒരു സിസ്റ്റം ഉണ്ടാക്കിയെടുത്തത് ഇടതുപക്ഷമാണ്.' വീണാ ജോർജ് പറഞ്ഞു.

ആരോഗ്യമന്ത്രിയുടെ വീടിന്റെ വാതിലിൽ റീത്തുവെച്ച യൂത്ത് കോൺഗ്രസിന്റെ പ്രവർത്തി അത്യന്തം ഗൗരവവും ഗുരുതരവുമാണെന്ന് വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി അഭിപ്രായപ്പെട്ടു. 'ഇത് പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ അറിഞ്ഞുകൊണ്ട് നടത്തിയ സമരമാണ്. ജനാധിപത്യ വിരുദ്ധമായ സമരമാർഗം സ്വീകരിച്ചുകൊണ്ട് ആരോഗ്യമന്ത്രിയെ ഒറ്റപ്പെടുത്താനും വിരട്ടാനും നോക്കേണ്ട, അങ്ങനെ പിന്നോട്ടു പോകുന്നവരല്ല ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ മന്ത്രിമാർ.' അദ്ദേഹം പറഞ്ഞു.

'ആരോഗ്യരംഗത്ത് എന്തെങ്കിലും പ്രശ്നമുണ്ടെങ്കിൽ അത് ചർച്ച ചെയ്യാം. പക്ഷേ ഒരു കാര്യം മനസിലാക്കണം, കേന്ദ്ര സർക്കാർ പോലും അംഗീകരിക്കുന്ന നിലയിൽ, കേരളത്തിൽ സാമാന്യം മെച്ചപ്പെട്ട നിലയിലാണ് ആരോഗ്യരംഗത്തെ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നത്. അതിനെയെല്ലാം തേച്ചുമാച്ച് കളഞ്ഞുകൊണ്ട് ഒരു പുകമറ സൃഷ്ടിക്കാനുള്ള ശ്രമമാണ് സമരങ്ങളുടെ പേരിൽ യൂത്ത് കോൺഗ്രസ് നടത്തുന്നത്. അവർ ഈ ശ്രമം ഉപേക്ഷിക്കുന്നതായിരിക്കും നല്ലത്.' വിദ്യാഭ്യാസമന്ത്രി പറഞ്ഞു.

മന്ത്രി വീണാ ജോർജിന്റെ വീട്ടിലേക്ക് നടത്തിയ മാർച്ചിൽ യൂത്ത് കോൺഗ്രസ് പ്രവർത്തകർക്കെതിരെ ജാമ്യമില്ലാ വകുപ്പ് പ്രകാരം കേസെടുക്കും. പൊതുമുതൽ നശിപ്പിച്ചതിലുള്ള വകുപ്പ് ചുമത്താനും നിർദേശം. പ്രതിഷേധത്തെക്കുറിച്ച് പോലീസ് അറിഞ്ഞത് രാവിലെ മാത്രമാണ്. ഇത് ഗുരുതര സുരക്ഷാ വീഴ്ചയാണ്. മന്ത്രിയുടെ വസതിക്ക് പ്രത്യേക കാവൽ പോലീസ് ഏർപ്പെടുത്തിയിരുന്നില്ല.

# ക്രിസ്തുമസ് ബമ്പർ ഭാഗ്യക്കുറിയുടെ സമ്മാനവിതരണം തടഞ്ഞ് ഹൈക്കോടതി




കൊച്ചി: ഇരുപതുകോടിയുടെ ക്രിസ്തുമസ് പുതുവത്സര ബമ്പർ സമ്മാനത്തിന് അവകാശവാദമുന്നയിച്ച് പിഴവം പാഴൂർ സ്വദേശി കെ കെ സജിമോൻ നൽകിയ ഹർജിയിൽ നടപടിയുമായി ഹൈക്കോടതി. സമ്മാനവിതരണം തടഞ്ഞ ഹൈക്കോടതി ലോട്ടറി വകുപ്പിന് നോട്ടീസ് അയയ്ക്കുകയും ചെയ്തു. നറുക്കെടുപ്പിൽ ഒന്നാംസമ്മാനം നേടിയത് താൻ എടുത്ത ടിക്കറ്റിനാണെന്ന് ചൂണ്ടിക്കാണിച്ചാണ് സജിമോൻ കോടതിയെ സമീപിച്ചത്. തന്റെ വാഹനത്തിൽ സൂക്ഷിച്ചിരുന്ന ടിക്കറ്റ് അബദ്ധത്തിൽ ആന്ധ്രാസ്വദേശിയുടെ കൈയിൽ എത്തിപ്പെടുകയായിരുന്നു എന്നാണ് സജിമോൻ പറയുന്നത്.

റിട്ടയേർഡ് എസ് ഐയായ സജിമോൻ ട്രാവൽ ഏജൻസി നടത്തുകയാണ്. സജിമോന്റെ വാഹനത്തിൽ ശബരിമലയ്ക്കുപോയ വിശാഖപട്ടണം സ്വദേശികൾ നെയ്പാത്രം വാഹനത്തിൽ മറന്നുവച്ചു. താൻ വാങ്ങിയ ലോട്ടറി ടിക്കറ്റ് ഈ പാത്രത്തിനടിയിലാണ് സൂക്ഷിച്ചിരുന്നത്. പിന്നീട് വിശാഖപട്ടണം സ്വദേശികൾ ആവശ്യപ്പെട്ടതനുസരിച്ച് നെയ്പാത്രം കൊറിയർ ചെയ്തുകൊടുത്തപ്പോൾ അബദ്ധത്തിൽ അതിനൊപ്പം ടിക്കറ്റും അകപ്പെട്ടു. പാത്രം വിശാഖപട്ടണത്ത് എത്തിയെങ്കിലും ടിക്കറ്റ് കൊറിയർ സ്ഥാപനത്തിൽ നിന്ന് നഷ്ടമായി എന്നാണ് സജിമോൻ പറയുന്നത്.

ഇതിനിടെയാണ് ബമ്പർ സമ്മാനം തനിക്ക് അടിച്ചുവെന്ന് അവകാശപ്പെട്ട് ഒരാൾ ലോട്ടറിവകുപ്പിനെ സമീപിച്ചത്. അവകാശവാദവുമായി എത്തിയ ആൾ ആരാണെന്ന് വ്യക്തമല്ല. ടിക്കറ്റ് കാണാതായതോടെ ആദ്യം പിറവം പൊലീസിനെ സമീപിച്ചു. തുടർന്നാണ് ഹൈക്കോടതിയിൽ ഹർജി നൽകിയത്. സമ്മാനത്തിന് അവകാശവാദമുന്നയിച്ച വ്യക്തിയുടെ വിവരങ്ങൾ മുദ്രവച്ച കവറിൽ നൽകണമെന്നും സമ്മനാർഹമായ ടിക്കറ്റിന്റെ ഇരുവശങ്ങളുടെയും വ്യക്തമായ പകർപ്പ് ഹാജരാക്കണമെന്നും കോടതി ആവശ്യപ്പെട്ടിട്ടുണ്ട്.

## 'എന്റെ ഊർജവും ഇന്ധനവും നിങ്ങൾ'; പറവൂരിൽ വികാരാധീനനായി വി.ഡി.സതീശൻ

പറവൂർ: യുഡിഎഫ് നടത്തുന്ന 'പുതുയുഗയാത്ര'യ്ക്ക് തന്റെ തട്ടകമായ പറവൂരിൽ ലഭിച്ച സ്വീകരണത്തിൽ വികാരനിർഭരനായി പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ. കഴിഞ്ഞ കാൽ നൂറ്റാണ്ടുകാലമായി തന്റെ രാഷ്ട്രീയ ജീവിതത്തിന് കരുത്തും ഇന്ധനവും നൽകുന്നത് പറവൂരിലെ ജനങ്ങളാണെന്ന് അദ്ദേഹം പറഞ്ഞു. സ്വീകരണ വേദിയിലെത്തിയപ്പോൾ വികാരം അടക്കിപ്പിടിക്കാൻ താൻ ഏറെ പാടുപെട്ടുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

താൻ രാഷ്ട്രീയത്തിൽ ഒന്നുമല്ലാതിരുന്ന കാലം മുതൽ തന്നെ ഒരു കുടുംബാംഗത്തെപ്പോലെ വാത്സല്യത്തോടെ ചേർത്തുപിടിച്ചവരാണ് പറവൂരിലെ ജനങ്ങളെന്ന് അദ്ദേഹം ഓർത്തെടുത്തു. 'എവിടെ പോയാലും ഞാൻ കരയ്ക്ക് പിടിച്ചിട്ട മീനിനെപ്പോലെയാണ്; എനിക്ക് അവസാനം ഇവിടെ എത്തണം, നിങ്ങളുടെ സ്നേഹത്തിന്റെ വാത്സല്യത്തിന്റെ തണലിൽ വളർന്നു വന്ന ഒരാളാണ് ഞാൻ,' കണ്ണീരടക്കാൻ പാടുപെട്ട് വിഡി സതീശൻ പറഞ്ഞു.

കഴിഞ്ഞ പത്തു വർഷക്കാലത്തെ ദുർഭരണത്തിന് അന്ത്യം കുറിച്ച് കേരളത്തിൽ ഒരു 'പുതുയുഗത്തിന്റെ' പിറവി ഉണ്ടാകണമെന്ന് ജനങ്ങൾ ആഗ്രഹിക്കുന്നുണ്ടെന്നും, ആ ഹൃദയാഭിലാഷങ്ങൾ യാഥാർത്ഥ്യമാക്കേണ്ട ചുമതല തനിക്കുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി. യു.ഡി.എഫിന്റെ ആശയങ്ങൾക്കൊപ്പം തന്റെ കാഴ്ചപ്പാടുകൾ കൂടി ചേർത്തുപിടിച്ച് നാടിന് വലിയ മാറ്റം ഉണ്ടാക്കാൻ കഴിയുമെന്ന ആത്മവിശ്വാസം തനിക്ക് ലഭിച്ചത് ജനങ്ങളിൽ നിന്നാണെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

## ഇസ്രയേലുമായി ചേർന്ന് മിസൈൽ പ്രതിരോധ സംവിധാനം വികസിപ്പിക്കാൻ പദ്ധതിയിട്ട് ഇന്ത്യ



ന്യൂഡൽഹി: പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ സന്ദർശനത്തിന് മുന്നോടിയായി, ഇസ്രയേലുമായുള്ള പ്രതിരോധ സഹകരണം ശക്തമാക്കാനും വിപുലീകരിക്കാനും തയ്യാറെടുത്ത് ഇന്ത്യ. ബാലിസ്റ്റിക് മിസൈൽ പ്രതിരോധ സംവിധാനങ്ങൾ, ലേസർ ആയുധങ്ങൾ, മിസൈലുകൾ, ഡ്രോണുകൾ എന്നിവ സംയുക്തമായി വികസിപ്പിക്കുന്നതും ഇതിലുൾപ്പെടുന്നു. ഫെബ്രുവരി 25, 26 തീയതികളിലാണ് പ്രധാനമന്ത്രി മോദി ഇസ്രയേൽ സന്ദർശിക്കുന്നത്.

സുരക്ഷാ സഹകരണം സംബന്ധിച്ച് ഇരു രാജ്യങ്ങളും ധാരണാപത്രം ഒപ്പിട്ടേക്കും. എന്നാൽ പ്രതിരോധ കരാറിൽ ധാരണയുണ്ടാക്കിയേക്കില്ലെന്നും ഹിന്ദുസ്ഥാൻ ടൈംസ് റിപ്പോർട്ട് ചെയ്യുന്നു. പ്രധാനമന്ത്രി മോദിയുടെ സന്ദർശനത്തെക്കുറിച്ച് ഇരുപക്ഷവും പുറത്തുപറയാൻ മടിക്കുന്നെങ്കിലും ഏറ്റവും പുതിയ പ്രതിരോധ സാങ്കേതികവിദ്യകൾ ഇന്ത്യയുമായി പങ്കിടാൻ ഇസ്രയേൽ സമ്മതിച്ചുവെന്നും ഹിന്ദുസ്ഥാൻ ടൈംസ് പറയുന്നു. ഹൈടെക് ലേസർ പ്രതിരോധവും മറ്റ് നൂതന സംവിധാനങ്ങളും ഇതിൽ ഉൾപ്പെടുന്നു.

കേന്ദ്ര പ്രതിരോധ സെക്രട്ടറി ആർ.കെ. സിങ് കഴിഞ്ഞ നവംബറിൽ നടത്തിയ ഇസ്രയേൽ സന്ദർശന വേളയിലാണ് പ്രതിരോധ സഹകരണം ഊട്ടിയുറപ്പിച്ചത്. ഈ സന്ദർശനവേളയിലാണ് വിപുലീകരിച്ച പ്രതിരോധ സഹകരണത്തെക്കുറിച്ചുള്ള ധാരണാപത്രം ഒപ്പിട്ടത്.

ഇന്ത്യ ഇസ്രയേലുമായി ചേർന്ന് ബാലിസ്റ്റിക് മിസൈൽ പ്രതിരോധ സംവിധാനം വികസിപ്പിക്കുന്നത് പരിഗണിക്കുന്നുവെന്നതാണ് പ്രധാനം. മിഷൻ സുദർശന്റെ ഭാഗമായി കൂടിയാണ് ഈ നീക്കം. ശത്രുക്കളുടെ ദീർഘദൂര മിസൈലുകളിൽ നിന്ന് ഇന്ത്യൻ ഉൾപ്രദേശങ്ങളെ സംരക്ഷിക്കുകയാണ് ഇതിന്റെ ലക്ഷ്യം. പ്രധാനമന്ത്രി മോദിയാണ് മിഷൻ സുദർശൻ പ്രഖ്യാപിച്ചത്.

മിസൈൽ പ്രതിരോധ സംവിധാനങ്ങളിൽ ഇസ്രയേൽ മുൻനിരയിലാണ്. കഴിഞ്ഞ ജൂണിൽ ഇറാൻ വിക്ഷേപിച്ച ബാലിസ്റ്റിക് മിസൈലുകളിൽ 98 ശതമാനവും ഇസ്രയേലിന് തടയാനായിരുന്നു.

### പാലത്തായി പോക്സോ കേസ്: പത്മരാജന് പരോൾ

കണ്ണൂർ: നാലാം ക്ലാസ് വിദ്യാർഥിനിയെ ബലാത്സംഗത്തിനിരയാക്കിയ കേസിൽ കുറ്റക്കാരനെന്ന് കണ്ടെത്തി തലശ്ശേരി ഫാസ്റ്റ്ട്രാക്ക് സ്പെഷൽ കോടതി ശിക്ഷിച്ച പാലത്തായി യു.പി സ്കൂൾ അധ്യാപകനും ബി.ജെ.പി നേതാവുമായ കെ. പത്മരാജന് പരോൾ. ഫ്രെ.3ന് പത്മരാജന്റെ സഹോദരി മരിച്ചിരുന്നു. ഇതിൽ പങ്കെടുക്കാൻ മൂന്ന് ദിവസത്തെ പരോൾ ജയിൽ സൂപ്രണ്ട് ആദ്യം അനുവദിച്ചു. എന്നാൽ സൂപ്രണ്ട് നൽകിയ പരോളിന് ശേഷം സംസ്ഥാന സർക്കാരും ജയിൽ മേധാവിയും ചേർന്ന് കൂടുതൽ ദിവസത്തെ പരോൾ നൽകുകയായിരുന്നു.

ഈ മാസം മൂന്ന് മുതൽ ആണ് പത്മരാജൻ പുറത്തിറങ്ങിയത്. ബലാത്സംഗ കേസുകളിൽ സാധാരണ നീണ്ട പരോൾ അനുവദിക്കാറില്ല.

2020 ജനുവരിക്കും ഫെബ്രുവരിക്കുമിടയിൽ കണ്ണൂരിലെ പാലത്തായിയിലുള്ള പത്തുവയസുകാരിയെ പ്രതി ലൈംഗികമായി പീഡിപ്പിച്ചുവെന്നാണ് കേസ്. കേസിൽ തലശ്ശേരി അതിവേഗ പോക്സോ കോടതിയാണ് വിധി പറഞ്ഞത്. പോക്സോ കുറ്റങ്ങളിൽ നാൽപത് വർഷമാണ് തടവുശിക്ഷ. തുടർന്ന് പത്മരാജനെ സർവിസിൽ നിന്ന് പിരിച്ചുവിട്ടിരുന്നു.

### ഡെങ്കിപ്പനി ബാധിച്ച് വീട്ടമ്മ മരിച്ചു

തൃശൂർ: ഗുരുവായൂരിൽ ഡെങ്കിപ്പനി ബാധിച്ച് ചികിത്സയിലായിരുന്ന വീട്ടമ്മ മരിച്ചു. പടിഞ്ഞാറത്ത് വീട്ടിൽ മോഹനൻ നായർ ഭാര്യ സൗദാമിനി (70) ആണ് മരിച്ചത്.

## മഹിളാ കോൺഗ്രസ് നേതാവ് ആർ.രശ്മി ബിജെപിയിലേക്ക്



തിരു : മഹിളാ കോൺഗ്രസ് നേതാവ് ആർ രശ്മി ബിജെപിയിലേക്ക്. ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖറുമായി കൂടിക്കാഴ്ച നടത്തിയ ശേഷം രശ്മി ഇന്ന് പാർട്ടി അംഗത്വം സ്വീകരിച്ചേക്കും. ബിജെപി സംസ്ഥാന കാര്യാലയത്തിൽ എത്തി നേതാക്കളുമായി കൂടിക്കാഴ്ച നടത്തും.

ആയിഷ പോറ്റിയെ കൊട്ടാരക്കരയിൽ യുഡിഎഫ് സ്ഥാനാർത്ഥിയാക്കുന്നതിൽ വിയോജിച്ചാണ് പാർട്ടി വിടാനുള്ള ആലോചനയിലേക്ക് എത്തിച്ചതെന്നാണ് സൂചന. 2021-ൽ കൊട്ടാരക്കരയിൽ യുഡിഎഫ് സ്ഥാനാർത്ഥിയായി മത്സരിച്ചിട്ടുള്ള നേതാവാണ് ആർ രശ്മി. കൂടാതെ രണ്ട് നിബന്ധനകളും രശ്മി കോൺഗ്രസിന് മുന്നിൽ വെച്ചിരുന്നതായാണ് വിവരം. കഴിഞ്ഞ തിരഞ്ഞെടുപ്പിൽ ഉണ്ടായ സാമ്പത്തിക ബാധ്യത പാർട്ടി തീർക്കണമെന്നും യുഡിഎഫ് അധികാരത്തിൽ വന്നാൽ ബോർഡ് കോർപ്പറേഷൻ സ്ഥാനങ്ങൾ ഏതെങ്കിലുമൊന്ന് നൽകണമെന്നുമായിരുന്നു രശ്മിയുടെ ആവശ്യം. എന്നാൽ, ഈ ആവശ്യങ്ങളോട് അനുകൂലമായ നിലപാടല്ല കോൺഗ്രസ് സ്വീകരിച്ചത്. ഇതേത്തുടർന്നാണ് പാർട്ടി വിടാനുള്ള അന്തിമ തീരുമാനത്തിലേക്ക് അവർ എത്തിയത്.

രാജീവ് ചന്ദ്രശേഖർ ഉച്ചയ്ക്ക് 12 മണിക്ക് വാർത്താ സമ്മേളനം വിളിച്ചിട്ടുണ്ട്. അവിടെ വെച്ചായിരിക്കാം രശ്മിയുടെ ബിജെപി പ്രവേശനവും ഔദ്യോഗികമാവുക.

## കയ്യേറ്റം ഒഴിപ്പിച്ചതിന് തഹസിൽദാർക്ക് എം എൽ എ യുടെ ഭീഷണി



മൂന്നാർ: കയ്യേറ്റം ഒഴിപ്പിച്ചതിന് സ്പെഷ്യൽ തഹസിൽദാരെ ഭീഷണിപ്പെടുത്തി ദേവികുളം എംഎൽഎ അഡ്വ. എ. രാജ. സി.വി. ഗായത്രിയെയാണ് ഫോണിൽ വിളിച്ച് ഭീഷണിപ്പെടുത്തിയത്. ഉദ്യോഗസ്ഥർ മര്യാദക്ക് നിന്നില്ലെങ്കിൽ അവരുടെ കൈയും കാലും തല്ലിയൊടിക്കുമെന്നും റവന്യൂ ഉദ്യോഗസ്ഥർ അടിമകളെപ്പോലെയാണ് പെരുമാറുന്നതെന്നും എംഎൽഎ ഭീഷണിപ്പെടുത്തുന്ന ഓഡിയോ പുറത്തുവന്നു.

നിയമപരമായി മുന്നോട്ട് പോകുമെന്നായിരുന്നു സ്പെഷ്യൽ തഹസിൽദാർ സി.വി. ഗായത്രിയുടെ മറുപടി. പുറമ്പോക്ക് ഭൂമിയിലെ സ്ഥലം ഒഴിപ്പിക്കുന്നതുമായി ബന്ധപ്പെട്ടാണ് എംഎൽഎ ഇടപ്പെട്ടത്. ബുൾഡോസർ ഉപയോഗിച്ച് കെട്ടിടം ഇടിച്ചു തകർക്കുമെന്ന് കൈക്കൂലി വാങ്ങി സാധാരണക്കാരെ ഉദ്യോഗസ്ഥർ ഭീഷണിപ്പെടുത്തുന്ന സാഹചര്യത്തിലാണ് ഇത്തരത്തിൽ പ്രകോപിതനായി സംസാരിക്കേണ്ടി വന്നതെന്നാണ് എംഎൽഎയുടെ വാദം. എന്നാൽ ആരാണ് കൈക്കൂലി വാങ്ങിയതെന്ന ചോദ്യത്തിന് എംഎൽഎ മറുപടി പറയുന്നില്ല.

നിയമപരമായി മുന്നോട്ട് പോകുമെന്നായിരുന്നു സ്പെഷ്യൽ തഹസിൽദാർ സി.വി. ഗായത്രിയുടെ മറുപടി. സർക്കാർ പുറമ്പോക്ക് ഭൂമി കയ്യേറി നടത്തുന്ന നിർമ്മാണങ്ങൾക്ക് ഉദ്യോഗസ്ഥർ നേരത്തെ സ്റ്റോപ്പ് മെമ്മോ നൽകിയിരുന്നു. എന്നാൽ അവധി ദിവസങ്ങളിൽ പോലും ഇത് ലംഘിച്ച് നിർമ്മാണം തുടർന്നപ്പോൾ, നിർമ്മാണങ്ങൾ പൊളിച്ചുനീക്കുമെന്ന് ഉദ്യോഗസ്ഥർ മുന്നറിയിപ്പ് നൽകി. ഈ നടപടികൾക്കെതിരെയാണ് എംഎൽഎ രംഗത്തെത്തിയത്.

ബുൾഡോസർ ഉപയോഗിച്ച് കെട്ടിടം ഇടിച്ചു തകർക്കുമെന്ന് കൈക്കൂലി വാങ്ങി സാധാരണക്കാരെ ഉദ്യോഗസ്ഥർ ഭീഷണിപ്പെടുത്തുന്ന സാഹചര്യത്തിലാണ് ഇത്തരത്തിൽ പ്രകോപിതനായി സംസാരിക്കേണ്ടി വന്നതെന്നാണ് എംഎൽഎയുടെ വാദം. പണമില്ലെങ്കിൽ ഒന്നും നടക്കില്ലെന്ന അവസ്ഥയാണെന്നും തഹസിൽദാർക്ക് കീഴിലുള്ള ഉദ്യോഗസ്ഥർ കൈക്കൂലി വാങ്ങുന്നുണ്ടെന്നും എംഎൽഎ ആരോപിച്ചു. എന്നാൽ ആരാണ് കൈക്കൂലി വാങ്ങിയത് എന്ന ചോദ്യത്തിന് വ്യക്തമായ മറുപടി നൽകാൻ എംഎൽഎ തയ്യാറായില്ല.

ഉദ്യോഗസ്ഥർ കൈക്കൂലി വാങ്ങുന്നുണ്ടെങ്കിൽ അതിനെതിരെ വിജിലൻസിനോ പോലീസിനോ പരാതി നൽകുന്നതിന് പകരം വധഭീഷണി മുഴക്കുന്നത് അംഗീകരിക്കാനാവില്ലെന്ന വിമർശനം ഉയരുന്നുണ്ട്.

## നാടൻപാട്ട് സംഘംഅപകടത്തിൽപ്പെട്ടു, ഗായികയ്ക്ക് ദാരുണാന്ത്യം



കൊല്ലം: നാടൻപാട്ട് സംഘത്തിന്റെ പിക്കപ്പ് വാൻ മരത്തിലിടിച്ച് ഗായികക്ക് ദാരുണാന്ത്യം. കടയ്ക്കൽ ചിതറ മാടൻകാവ് ലക്ഷ്മി ഭവനത്തിൽ ബാലുവിന്റെയും ഷീബയുടെയും മകൾ ലക്ഷ്മിയാണ് (20) മരിച്ചത്. ഇന്നുരാവിലെ കൊട്ടാരക്കര-ഭരണിക്കാവ് പ്രധാന പാതയിൽ സിനിമാപറമ്പിലായിരുന്നു അപകടം. ചടയമംഗലത്തെ പരിപാടി കഴിഞ്ഞ് മടങ്ങുകയായിരുന്ന മൈനാഗപ്പള്ളിയിലെ അഞ്ചംഗ നാടൻപാട്ട് സംഘമാണ് അപകടത്തിൽപ്പെട്ടത്.

ബിവ്റിജസ് ഔട്ട്ലറ്റിന് സമീപത്തെ മരത്തിൽ പിക്കപ്പ് വാൻ ഇടിച്ചുകയറുകയായിരുന്നു. ഡ്രൈവർ ഉറങ്ങിപ്പോയതാകാം അപകടകാരണമെന്നാണ് പൊലീസ് നൽകുന്ന പ്രാഥമിക വിവരം.

ലക്ഷ്മിയുടെ മൃതദേഹം ശാസ്താംകോട്ട താലൂക്ക് ആശുപത്രി മോർച്ചറിയിലേക്ക് മാറ്റിയിരിക്കുകയാണ്. ഒപ്പമുണ്ടായിരുന്നു യുവാക്കൾക്ക് സാരമായി പരിക്കേറ്റു. ഇവർ ശാസ്താംകോട്ടയിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലാണ്.


**കോടതി പരസ്യം**

**ബഹു. തൃശ്ശൂർ ഒന്നാം അഡീഷണൽ മുൻസിഫ് കോടതി മുമ്പാകെ**

**O.S. 2481/2024**

തൃശ്ശൂർ താലൂക്ക് എടക്കുന്നി വില്ലേജ്, നാരായണി നിവാസ് ഒല്ലൂർ പി.ഒ. എൻ.വിജയരാഘവൻ മകൻ അഖിൽ വിജയ്

-അന്യായം

തിരുവനന്തപുരം ജില്ല, നെടുമങ്ങാട് താലൂക്ക്, വട്ടപ്പാറ വില്ലേജ് പഴവിലകോണം കല്ലയം പി.ഒ., പുണർതത്തിൽ താമസം ആർ.ജെ. ഹോംസ്, പുണർതത്തിൽ രവി മകൻ 35 വയസ്സ് രഞ്ജിത്ത് ആർ.ജെ.

-ഒന്നാം പ്രതി

മേൽ നമ്പർ കേസ്സിൽ ഒന്നാം പ്രതിക്കുള്ള സമൻസ് കോടതിയിലും വാസസ്ഥലത്തും പതിച്ചു നടത്താൻ അനുവദിച്ചുത്തരവായി **6-3-2026** തീയതി വിചാരണക്ക് വെച്ചിട്ടുള്ളതും മേൽ കാര്യത്തിൽ എന്തെങ്കിലും തർക്കങ്ങളുണ്ടെങ്കിൽ അന്നേ ദിവസം പകൽ 11 മണിക്ക് ടി കോടതി മുമ്പാകെ നേരിട്ടോ അഡ്വക്കെറ്റ് മുഖേനയോ ഹാജരായി ബോധിപ്പിക്കേണ്ടതും അല്ലാത്തപക്ഷം നിങ്ങളെ കൂടാതെ മേൽ നമ്പർ കേസ്സ് തീർപ്പാക്കുന്നതാണെന്നും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന് 20-02-2026

അന്യായഭാഗം അഡ്വക്കെറ്റ്:

**ജൊക്കിൻ എ.പെരേര**

(ഒപ്പ്)

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4



# നിപ്മറിൽ നൂതന ശാസ്ത്രീയ പരിശീലനം ഉടൻ തുടങ്ങും: മന്ത്രി ബിന്ദു



*നിപ്മറിൽ നിർമ്മിക്കുന്ന 250 ബെഡുകളുള്ള റീഹാബ് ആശുപത്രിയുടെയും കോളെജ് കെട്ടിടത്തിന്റെയും ഭരണാനുമതി രേഖകൾ എക്സിക്യുട്ടീവ് ഡയരക്റ്റർ ഡോ : അബ്ബാസലിക്ക് മന്ത്രി ബിന്ദു കൈമാറുന്നു*

ഇരിങ്ങാലക്കുട: ഭിന്നശേഷിയുള്ളവർക്ക് നൂതന ശാസ്ത്രീയ പരിശീലനം നൽകുന്നതിനുള്ള പദ്ധതി നിപ്മർ ആവിഷ്കരിച്ചിട്ടുണ്ടെന്ന് ഉന്നത വിദ്യഭ്യാസ- സാമൂഹ്യ നീതി വകുപ്പ് മന്ത്രി ഡോ: ആർ. ബിന്ദു. ഇതിനുള്ള പ്രവർത്തനങ്ങൾ ഉടൻ തുടങ്ങും. ഭിന്നശേഷിക്കാരായവരെ സ്വയം പര്യാപ്തരാക്കാൻ ഭിന്നശേഷി സ്വയം സഹകരണ സംഘങ്ങൾക്കുള്ള അനുമതി ഒരു മാസത്തിനകം ലഭ്യമാകുമെന്നും മന്ത്രി പറഞ്ഞു. 73 കോടി രൂപ ചെലവഴിച്ച് 250 ബെഡുകളുള്ള റീഹാബ് ആശുപത്രിയും കോളെജ് കെട്ടിടവുമാണ് നിപ്മർ പരിസരത്ത് നിർമ്മിക്കുന്നത്.

നിപ്മർ ഇരിങ്ങാലക്കുട എംസിപി കൺവെൻഷൻ സെന്ററിൽ സംഘടിപ്പിച്ച നിപ്മറിലെ ഭൗതിക വികസന പദ്ധതികളുടെ പ്രഖ്യാപനവും ഭിന്നശേഷി സംഗമവും ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ചടങ്ങിൽ വികസന പദ്ധതികളുടെ ഭരണാനുമതി നിപ്മർ എക്സിക്യുട്ടീവ് ഡയറക്റ്റർ ഡോ: അബ്ബാസലിക്ക് മന്ത്രി കൈമാറി. മുൻ എക്സിക്യുട്ടീവ് ഡയരക്റ്റർ സി. ചന്ദ്രബാബുവിനെ മന്ത്രി ആദരിച്ചു.

ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ടി.കെ. സുധീഷ് അധ്യക്ഷത വഹിച്ചു.

സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ ചെയർ പേഴ്സൺ അഡ്വ: ജയഡാളി, ഭിന്നശേഷി കമ്മീഷണർ ഡോ: പി.ടി. ബാബുരാജ്, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്മാരായ ടി.ജി. ശങ്കരനാരായണൻ, വത്സല ബാബു, സുബാഷിണി രാജീവ്, മണ്ഡലത്തിലെ വിവിധ പഞ്ചായത്ത് പ്രസിഡന്റുമാർ എന്നിവർ സംബന്ധിച്ചു. ഭിന്നശേഷി കുട്ടികളുടെ കലാപരിപാടികൾ, സൈഡ് വീൽ സ്കൂട്ടർ വിതരണം, തൊഴിൽ സംരഭകരെ ആദരിക്കൽ, ടോയ് ലൈബ്രറി കൈമാറ്റം, സ്ഥിര നിക്ഷേപ പദ്ധതി സർട്ടിഫിക്കറ്റ് വിതരണം, പുസ്തകമേള എന്നിവയും നടന്നു. കസേരയും പോഡിയവും നിർമ്മിച്ച എം.എൽ ഷോബിയെയും ചടങ്ങിൽ ആദരിച്ചു. യുഡിഐഡി അദാലത്തും സംഘടിപ്പിച്ചു. നിപ്മർ എക്സിക്യുട്ടീവ് ഡയരക്റ്റർ ഡോ : ടി.കെ. അബ്ബാസ് അലി സ്വാഗതവും സാമൂഹ്യ നീതി വകുപ്പ് ജില്ലാ ഓഫീസർ കെ. ആർ. പ്രദീപൻ നന്ദിയും പറഞ്ഞു.



കേരള സംഗീത നാടക അക്കാദമിയുടെ ഗുരുപൂജ പുരസ്കാരം നേടിയ തൃശൂർ സ്വദേശിയായ പ്രമുഖ നടിയും നർത്തകിയും ഗായികയുമായ സി രമാദേവി

## കാറളം ശ്രീ കുമരഞ്ചിറ ഭഗവതി ക്ഷേത്രത്തിലെ ഭരണി മഹോത്സവം ആരംഭിച്ചു

ഇരിങ്ങാലക്കുട: കഴിഞ്ഞ ദിവസം ക്ഷേത്രം വെളിച്ചപ്പാട് കൃഷ്ണൻ ചരലിയിൽ കൊടിക്കൂറ ചാർത്തി വലിയൊരു ഭക്ത ജനാവലി കൊടി കുറചാർത്തൽ ചടങ്ങിൽ പങ്കെടുത്തു.

എല്ലാ ദിവസവും സന്ധ്യക്ക് ചുറ്റുവിളക്ക് നിറമാല ദീപാരാധ എന്നിവ നടക്കുന്നുണ്ട്. കിഴുത്താണി വെള്ളാനി ദേശക്കാരുടെ ചുറ്റുവിളക്കും നിറമാലയും വിവിധ ദിവസങ്ങളിൽ നടക്കും. ഈ മാസം 23 ന് ഭരണി മഹോത്സവം നടക്കും അന്നേ ദിവസം പുലർച്ചെ 3 ന് നിർമ്മാല്യ ദർശനത്തോടെ ആരംഭിക്കും. രാവിലെ 9 -ന് പുറത്തേക്ക് എഴുന്നള്ളിപ്പ് മേളകലാനിധി പെരുമനം സതീശൻ മാരാരുടെ നേതൃത്വത്തിൽ നടപ്പുര പഞ്ചാരിമേളം ഉച്ചതിരിഞ്ഞ് 4 ന് കാഴ്ച ശീവേലിക്ക് തൃപ്രയാർ രമേശൻ മാരാരുടെ നേതൃത്വത്തിൽ പഞ്ചവാദ്യം. പാണ്ടിമേളം വർണ്ണ മഴരാത്രി 9 ന് നാടകം. രാത്രി കേളി കൊമ്പ് പറ്റ് കുഴൽപറ്റ് പാണ്ടിമേളം പാലക്കടക്കൽ ഗുരുതി എന്നിവനടക്കും. 24 ന് ഉച്ച 2 മുതൽ വേലവരവ് ജനസഹസ്രങ്ങൾ കാവ് തീണ്ടുന്ന കാവേറ്റം.

## ടെണ്ടർ ക്ഷണിച്ചു

തൃശൂർ: വനിത ശിശുവികസന വകുപ്പിന് കീഴിലുള്ള കൊടകര അഡീഷണൽ ഐസിഡിഎസ് പ്രോജക്റ്റിലെ 121 അങ്കണവാടികളിലേക്ക് 2025-26 വർഷത്തെ പ്രീസ്കൂൾ കിറ്റ് സാധനങ്ങൾ വിതരണം ചെയ്യുന്നതിന് മത്സരാടിസ്ഥാനത്തിലുള്ള മുദ്ര വച്ച ടെണ്ടർ ക്ഷണിച്ചു. ടെണ്ടർ ഫോമുകൾ സ്വീകരിക്കുന്ന അവസാന തീയതി മാർച്ച് അഞ്ച് രണ്ടുമണിവരെ. ടെണ്ടർ ഫോമിനും മറ്റു വിവരങ്ങൾക്കും കൊടകര അഡീഷണൽ ശിശു വികസന പദ്ധതി ഓഫീസുമായി ബന്ധപ്പെടുക. ഫോൺ 0480 2727990

# മുണ്ടക്കൈ-ചൂരൽമല ദുരന്ത ബാധിതരായ കച്ചവടക്കാർക്കും സംരംഭകർക്കും നഷ്ടപരിഹാരം നൽകും: മന്ത്രി കെ. രാജൻ

വയനാട്: മുണ്ടക്കൈ-ചൂരൽമല ദുരന്തത്തിൽ കടകളും സംരംഭങ്ങളും നഷ്ടപ്പെട്ടവർക്കും സർക്കാർ ധനസഹായം നൽകുമെന്ന് റവന്യൂ, ഭവന നിർമ്മാണ വകുപ്പ് മന്ത്രി കെ. രാജൻ. ഇന്നലെ ചേർന്ന സ്പെഷ്യൽ ക്യാബിനറ്റിനു ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു മന്ത്രി. ദുരന്തത്തിൽ കടകളും സംരംഭങ്ങളും നഷ്ടപ്പെട്ടവരെ സംബന്ധിച്ച് ഗൗരവമായ പരിശോധന നടത്തി ചെയ്യാവുന്ന പരമാവധി സഹായം നൽകുമെന്ന് സർക്കാർ നേരത്തെ അറിയിച്ചിട്ടുള്ളതാണെന്നും മന്ത്രി പറഞ്ഞു.

2025 ജൂലൈ 30 ന് ചേർന്ന ക്യാബിനറ്റ് യോഗം അക്കാര്യങ്ങൾ അടിയന്തരമായി പരിശോധിച്ച് ആവശ്യമായ നഷ്ടപരിഹാരം നൽകുമെന്ന് മാത്രമല്ല അത് പഠിക്കാനായി വയനാട് ജില്ലാ കളക്ടറെയും ജില്ലാ വ്യവസായ വകുപ്പിന്റെ മേധാവിയേയും തദ്ദേശ സ്വയംഭരണ വകുപ്പ് ജോ. ഡയറക്ടറെയും ചുമതലപ്പെടുത്തിക്കൊണ്ട് ഒരു സബ് കമ്മിറ്റി നിശ്ചയിക്കുകയും അതുമായി ബന്ധപ്പെട്ട് ഒരു റിപ്പോർട്ട് സർക്കാരിലേക്ക് ലഭ്യമാക്കുകയും ചെയ്തതായും മന്ത്രി അറിയിച്ചു. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചേർന്ന ക്യാബിനറ്റ് യോഗം പ്രസക്തമായ തീരുമാനമെടുത്തതായും മന്ത്രി പറഞ്ഞു.


പ്രാഥമികമായ കണക്കനുസരിച്ച് 52 കട ഉടമകളുടെ 126 കടമുറികളാണ് നഷ്ടമായിട്ടുള്ളതെന്നും ആ 126 കടമുറികളെ സംബന്ധിച്ചുള്ള തീരുമാനം ക്യാബിനറ്റ് എടുത്തതായും മന്ത്രി കൂട്ടിച്ചേർത്തു. 126 കടമുറികളിൽ 52 കട ഉടമകളുടെ ഓരോ കടമുറിക്ക് 7ലക്ഷം രൂപയും അതിൽ കൂടുതൽ വരുന്ന ഓരോ കടമുറികൾക്കും 2.5 ലക്ഷം രൂപ വീതവും നൽകുമെന്നും മന്ത്രി അറിയിച്ചു. ഇതോടൊപ്പം 72 പേരുടെ 83 സംരംഭങ്ങൾ അവിടെ ആരംഭിച്ചിരുന്നതായും അതിൽ ഇൻഡസ്ട്രിയൽ രംഗത്തുള്ള സംരംഭങ്ങൾക്ക് നഷ്ടത്തിന്റെ 50 ശതമാനം തുകയോ ഏറ്റവും കൂടിയത് 20 ലക്ഷം രൂപയോ നൽകാനും കൊമേഴ്ഷ്യൽ സർവീസ് രംഗത്തുള്ള സംരംഭങ്ങൾക്ക് നഷ്ടത്തിന്റെ 50 ശതമാനം തുകയോ ഏറ്റവും കൂടിയാൽ 10ലക്ഷം രൂപയോ നൽകാനും ട്രേഡ് രംഗത്തുള്ള സംരംഭങ്ങൾക്ക് നഷ്ടത്തിന്റെ 50 ശതമാനം തുകയോ ഏറ്റവും കൂടിയത് 7ലക്ഷം രൂപയോ നൽകാനും തീരുമാനിച്ചിട്ടുള്ളതായും മന്ത്രി അറിയിച്ചു.

സി.എം.ഡി.ആർ.എഫ് അല്ലെങ്കിൽ എസ്.ഡി.ആർ.എഫ് ഉപയോഗിച്ച് കച്ചവടക്കാർക്ക് നഷ്ടപരിഹാരം നൽകുന്ന സ്ഥിതിവിശേഷം ഇന്ത്യയിൽ ഒരിടത്തും ഉണ്ടാകാറില്ലെന്നും സാധാരണ നിലയിൽ 'ഉജ്ജീവനി' പോലെയുള്ള ഏതെങ്കിലും പദ്ധതികളിൽ ഉൾപ്പെടുത്തിലോണോ മറ്റ് ഏർപ്പാടുകളോ ആയി ചെറിയ ശതമാനം പലിശക്കോ പലിശ ഇല്ലാതെയോ പണം കൊടുക്കുന്ന അനുഭവങ്ങൾ ഉണ്ടായിട്ടുണ്ടെന്നല്ലാതെ നഷ്ടപരിഹാരമായി തുക നിശ്ചയിച്ച് നൽകുന്നത് ഇതാദ്യമാണെന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിൽ നിന്നെടുത്തായിരിക്കും ആ പണം ലഭ്യമാക്കുകയെന്നും മന്ത്രി പറഞ്ഞു.

കഴിഞ്ഞ തവണ ദുരന്ത ബാധിതരുടെ കടങ്ങൾ ഏറ്റെടുക്കുന്ന സമയത്ത് കടങ്ങൾക്ക് മൊറോട്ടോറിയം പ്രഖ്യാപിച്ച തീയതി മുതൽ പിന്നീടിങ്ങോട്ട് വരുന്ന പലിശ എന്ത് ചെയ്യുമെന്ന പ്രശ്നം സർക്കാരിന് മുമ്പിൽ ഉണ്ടായിരുന്നതായും ഫെബ്രുവരി 19 ന് ചേർന്ന സംസ്ഥാന ബാങ്കിംഗ് കമ്മിറ്റി യോഗത്തിൽ പലിശ എഴുതി തള്ളണമെന്ന മുഖ്യമന്ത്രിയുടെയും സർക്കാരിന്റെയും അഭിപ്രായം ബാങ്കുകൾ പൊതുവായി അംഗീകരിച്ചതായും മന്ത്രി പറഞ്ഞു. സംസ്ഥാനത്തെ ബാങ്കുകൾക്ക് മാത്രമായി പറയാൻ കഴിയുന്ന കാര്യമല്ലെങ്കിലും സിബിൽ സ്കോർ ഒഴിവാക്കുന്നകാര്യം വളരെ ഗൗരവമായി പരിഗണിക്കാമെന്ന് സംസ്ഥാന ബാങ്കിംഗ് കമ്മിറ്റിയിൽ പങ്കെടുത്ത എല്ലാ ബാങ്കുകളും സർക്കാരിനോട് സമ്മതിച്ചതായും അതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്ന കാര്യം ഓരോ ബാങ്കുകളും അവരവരുടെ ഡയറക്ടർ ബോർഡുകളിൽ അഭിപ്രായങ്ങൾ അറിയിച്ചു കൊണ്ട് ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്നും മന്ത്രി പറഞ്ഞു.

ഫെ. 25 നു തന്നെ ദുരന്തബാധിതർക്കായി സർക്കാർ നിർമ്മിക്കുന്ന ടൗൺഷിപ്പിലെ വീടുകളുടെ ആദ്യഘട്ടം ഔപചാരികമായി ഉദ്ഘാടനം ചെയ്ത് ആ നടപടി ക്രമങ്ങളിലേക്ക് കടക്കാനായി തീരുമാനിച്ചതായും വാർത്താ സമ്മേളനത്തിൽ മന്ത്രി കെ. രാജൻ അറിയിച്ചു.

## പ്രൊഫ. പി.ടി. കുരിയാക്കോസിന്റെ 53-ാം സമാധി തിങ്കളാഴ്ച പാവറട്ടിയിൽ ആചരിക്കുന്നു



പാവറട്ടി: കേന്ദ്ര സർക്കാർ സ്ഥാപനമായ കേന്ദ്രീയ സംസ്കൃത സർവ്വകലാശാലാ ഗുരുവായൂർ കേന്ദ്രം സ്ഥാപകൻ സംസ്കൃത പ്രണയഭാജനം പ്രൊഫ. പി.ടി. കുരിയാക്കോസിന്റെ 53-ാം സമാധി തിങ്കളാഴ്ച സർവ്വകലാശാലയുടെ ആഭിമുഖ്യത്തിൽ പാവറട്ടിയിൽ ആചരിക്കുന്നു.

രാവിലെ 9ന് പാവറട്ടി തീർത്ഥകേന്ദ്രത്തിലെ കുരിയാക്കോസ് കബറിടത്തിൽ വിദ്യാപീഠം സംരക്ഷണ സമിതി പ്രസിഡന്റ് തോമസ് പാവറട്ടിയുടെ നേതൃത്വത്തിൽ പുഷ്പാർച്ചന. 10ന് പാവറട്ടി കുരിയാക്കോസ് സ്മൃതിഭവനത്തിൽ നടക്കുന്ന കുരിയാക്കോസ് സ്മാരക അന്തർദേശീയ പ്രഭാഷണത്തിൽ പൂനെ യൂണിവേഴ്സിറ്റിയിലെ പാലി & ബുദ്ധിസ്റ്റ് സ്റ്റഡീസിന്റെ അദ്ധ്യക്ഷൻ പ്രൊഫ. മഹേഷ് എ ദേവകർ മുഖ്യ പ്രഭാഷണംനടത്തും.കേന്ദ്രം ഡയറക്ടർ പ്രൊഫ. കെ.കെ. ഷൈനിന്റെ അദ്ധ്യക്ഷതയിൽ നടക്കുന്ന സമ്മേളനം പാവറട്ടി പഞ്ചായത്ത് പ്രസിഡന്റ് ആന്റോ ലിജോ ഉദ്ഘാടനം ചെയ്യും. സർവ്വകലാശാല വൈസ് ചാൻസലർ ഡോ.ശ്രീനിവാസ വരഖേഡിയുടെ സന്ദേശം സ്മൃതിഭവൻ അദ്ധ്യക്ഷൻ പ്രൊഫ. കെ. വിശ്വനാഥൻ വായിക്കും. പൂനെ യൂണിവേഴ്സിറ്റിയിലെ ഡോ. ലത മഹേഷ്, കുരിയാക്കോസ് മാസ്റ്ററുടെ പൗത്രൻ പി.ജെ.കുരിയൻ, കൺവീനർ ഡോ. ഗണേഷ് കൃഷ്ണഭട്ട് എന്നിവർ സംസാരിക്കും.

## അഡ്വ. അബ്ദുള്ളസോണയുടെ മാതൃകാപരമായ സേവനം



തിരു: തിരുവനന്തപുരത്തെ കടുത്ത ചൂടിൽ പക്ഷികൾ വലയുന്നതിനെക്കുറിച്ചാണ് ഈ റിപ്പോർട്ട്. ഭക്ഷണവും വെള്ളവും കിട്ടാതെ കുരുവികളും മൈനകളും ചെമ്പോത്തുകളുമെല്ലാം നഗരത്തിലെ മാലിന്യക്കൂമ്പാരങ്ങളിൽ ഭക്ഷണം തിരയേണ്ട അവസ്ഥയിലാണ്. പണ്ട് ചാലകമ്പോളത്തിലും മറ്റും ചാക്കുകളിൽ നിന്ന് വീഴുന്ന ധാന്യങ്ങൾ ഇവർക്ക് കിട്ടുമായിരുന്നു, എന്നാൽ ഇന്ന് പ്ലാസ്റ്റിക് ബാഗുകളുടെ ഉപയോഗം കാരണം അതും ഇല്ലാതായി.

അബ്ദുള്ള സോന എന്ന പ്രകൃതിസ്നേഹി തന്റെ തോട്ടത്തിലും ടെറസ്സിലും പക്ഷികൾക്കായി വെള്ളം വെച്ചു കൊടുത്ത് മാതൃകയാകുന്നു. ചൂട് കാരണം പക്ഷികൾക്ക് ഹീറ്റ് സ്ട്രോക്ക് വരെ വരാൻ സാധ്യതയുള്ളതിനാൽ, എല്ലാവരും തങ്ങളുടെ ബാൽക്കണിയിലോ ടെറസ്സിലോ ഒരു പാത്രം വെള്ളം വെക്കണമെന്ന് പക്ഷ നിരീക്ഷകർ അഭ്യർത്ഥിക്കുന്നു.

ഇത് വരെ നാനാഭാഗത്തായി ആയിരത്തോളം പക്ഷികൾക്ക് വെള്ളം കൊടുത്തിട്ടുണ്ട്. എവിടെ ചെന്നാലും പക്ഷികൾക്കും മൃഗങ്ങൾക്കും ജലം നൽകും

## തൃശൂർ ജവഹർ ബാലഭവൻ ജീവനക്കാർ പ്രക്ഷോഭത്തിലേക്ക്

തൃശൂർ ജവഹർ ബാലഭവൻ സ്ഥിര ജീവനക്കാർക്ക് കഴിഞ്ഞ 3മാസമായി ശമ്പളമില്ല. ഫെ.21 ആയിട്ടും ശമ്പള കാര്യത്തിൽ യാതൊരു മറുപടിയും സാംസ്കാരിക വകുപ്പിൽ നിന്ന് ഇല്ല. തിരുവനന്തപുരം ഒഴികെ മറ്റ് ബാലഭാവനുകളുടെ അവസ്ഥയും ഇത് തന്നെ. ജില്ലാ കലക്ടറാണ് ബാലഭവൻ ചെയർമാൻ. ഈ സ്ഥിതി തുടർന്നാൽ ജീവനക്കാർ പട്ടിണി സമരത്തിലേക്ക് നീങ്ങാനാണ് തീരുമാനം. ജീവനക്കാരുടെ പ്രതിസന്ധി പരിഹരിച്ചില്ലെങ്കിൽ ഏപ്രിൽ - മെയ് അവധിക്കാല ക്ലാസുകളെ ഈ പ്രശ്നം സാരമായി ബാധിക്കാൻ സാധ്യതയുണ്ട്.

## തദ്ദേശഭരണ വിജയികളെ അനുമോദിച്ചു



തൃശ്ശൂർ:അഖിലകേരള എഴുത്തച്ഛൻ സമാജത്തിന്റെ സംസ്ഥാന സമ്മേളനത്തിനോടനുബന്ധിച്ച് തദ്ദേശഭരണ പ്രതിനിധികളെ അനുമോദിച്ചു.

സമ്മേളനം മുൻ എം.എൽ.എ എം. കെ.കണ്ണൻ ഉദ്ഘാടനം ചെയ്തു. സംസ്ഥാന പ്രസിഡണ്ട് പി.ആർ.സുരേഷ് അധ്യക്ഷനായിരുന്നു. കോർപ്പറേഷൻ പ്രതിപക്ഷനേതാവ് ടി. ആർ.ഹിരൺ ,പട്ടഞ്ചേരി ഗ്രാമ പഞ്ചായത്ത് പ്രസിടണ്ട് ശിവദാസ്,കൗൺസിലർ ഇ. എസ്.ബാബുരാജ്, എം. എ കൃഷ്ണനുണ്ണി, പി.എസ്.ജയഗോപാൽ, വി.എ.രവീന്ദ്രൻ, കെ. കെ. ജയറാം, സി.എൻ.സജിവൻ,എം എൻ.ശശികുമാർ എന്നിവർ പ്രസംഗിച്ചു.




സഹജീവനത്തിന്റെ ഉദാത്ത മാതൃകയിൽ

മനുഷ്യ-വന്യജീവി സഹവർത്തിത്വവും ജനസുരക്ഷയും

വരും തലമുറകൾക്കായി ആവാസ വ്യവസ്ഥയെ സംരക്ഷിക്കുന്ന നയങ്ങൾ. മനുഷ്യ-വന്യജീവി സഹവർത്തിത്വവും ജനസുരക്ഷയും ഉറപ്പാക്കുന്ന ശ്രദ്ധേയ പദ്ധതികൾ. വന്യ ജീവി സംരക്ഷണവും വികസനവും കൈകോർത്ത സമഗ്ര പുരോഗതി. പാരിസ്ഥിതിക സംരക്ഷണത്തിനും വികസനത്തിനും തുല്യ പ്രാധാന്യം നൽകി വനം-വന്യജീവി മേഖലയിൽ ചരിത്ര മുന്നേറ്റത്തിൽ കേരള സർക്കാർ

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് കേരള സർക്കാർ

- വന്യജീവി സങ്കേതങ്ങൾ, ദേശീയോദ്യാനങ്ങൾ എന്നിവയോട് ചേർന്നുള്ള ബഫർസോണിൽ നിന്നും ജനവാസ മേഖലകളെ ഒഴിവാക്കിക്കൊണ്ട് സുപ്രീംകോടതിയുടെ അനുകൂല വിധി നേടി
- മനുഷ്യ-വന്യജീവി സംഘർഷം സംസ്ഥാന സവിശേഷ ദുരന്തമായി പ്രഖ്യാപിച്ചു.
- സ്വാഭാവിക വനങ്ങളുടെ പുന:സ്ഥാപനത്തിന് നയരേഖ അംഗീകരിച്ച ആദ്യ സംസ്ഥാനമായി കേരളം.
- മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിന് ഫുഡ്-ഫോഡർ-വാട്ടർ, മിഷൻ സർപ്പ, സോളാർ ഫെൻസിംഗ് എന്നിവ ഉൾപ്പെടെ 12 തീവ്രയജ്ഞ മിഷനുകൾ.
- ജനവാസ മേഖലയിൽ നാശം വരുത്തുന്ന കാട്ടുപന്നികളെ കൊന്നൊടുക്കുന്നതിനുള്ള അധികാരം തദ്ദേശസ്ഥാപനങ്ങൾക്ക്.
- അക്കേഷ്യ, യൂക്കാലിപ്റ്റസ്, വാറ്റിൽ ഉൾപ്പെടെ വിദേശ ഇനം വൃക്ഷങ്ങൾ നീക്കം ചെയ്ത് 1583.85 ഹെക്ടർ വനമേഖലയിൽ തദ്ദേശീയ സസ്യങ്ങൾ വച്ച് പിടിപ്പിച്ചു.
- ഗോത്ര വിഭാഗങ്ങൾക്ക് പ്രത്യേക നിയമനം-500 ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർ ചുമതലയേറ്റു.
- ഗോത്രേതര സമൂഹത്തിലെ 1136 കുടുംബങ്ങളെ പുനരധിവസിപ്പിച്ചു.
- ഇരവികുളം നാഷണൽ പാർക്ക് ദേശീയതലത്തിൽ റാങ്കിങ്ങിൽ ഒന്നാമത്.
- പെരിയാർ ടൈഗർ റിസർവ് ദേശീയതലത്തിൽ ഒന്നാമത്.
- തൃശൂരിൽ 371 കോടി ചെലവിൽ 336 ഏക്കറിൽ സുവോളജിക്കൽ പാർക്ക്
- 105 കോടി രൂപ ചെലവിൽ തിരുവനന്തപുരം കോട്ടൂരിൽ ആന പുരധിവാസ കേന്ദ്രം
- പെരുവണ്ണാമൂഴിയിൽ 120 ഹെക്ടറിൽ ബയോളജിക്കൽ പാർക്ക് നിർമ്മാണ പുരോഗതിയിൽ
- 2606.51 കി.മീ സൗരോർജ്ജ തൂക്ക് വേലിയും, 301.21 കി.മീ ആനക്കിടങ്ങും ഉൾപ്പെടെ പ്രതിരോധ നടപടികൾ



ഒന്നായി തുടരാം നവകേരളത്തിലേക്ക്